# കുഞ്ഞുണ്ടായാൽ

മുഹമ്മദ് സാദിക് മദീനി

സന്താനങ്ങളുണ്ടാവുക എന്നത് ഏതൊരു ദമ്പതിമാരുടേയും അഭിലാഷമാണ്. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹവുമാണ് മക്കൾ. വിവാഹം നടന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു കൺമണിയെ കാണാൻ ഭാഗ്യം സിദ്ധിയക്കാത്തവരുടെ മനോവിഷമം വർണ്ണനാതീതമാണ്. വാർദ്ധക്യമായിട്ടും സന്താന സൗഭാഗ്യം ലഭിക്കാതിരുന്ന ഇബ്റാഹീം ﷺ സകരിയ്യ ﷺ എന്നീ പ്രവാചകൻമാരുടെ പ്രാർത്ഥന ക്വുർആൻ വിവരിച്ചുതരുന്നു. ശൈശവത്തിൽ ആനന്ദവും യൗവനത്തിൽ ആശ്വാസവും വാർദ്ധക്യത്തിൽ ആശ്രയവും നൽകേണ്ടവരാണ് മക്കൾ. സ്നേഹനിധികളും അനുസരണാശീലരുമായ മക്കൾ രക്ഷിതാക്കൾക്ക് എന്നും കൺ കുളിർമയാണ്. മക്കളിലൂടെ കൺകുളിർമക്കായി പ്രാർത്ഥിക്കുന്ന അല്ലാഹുവിന്റെ അടിയാറുകളെക്കുറിച്ച് വിശുദ്ധ ക്വുർആൻ പറയുന്നു:

والذين يقُولُونَ ربنا هب لَنا من أَزواجِنا وذُرياتنا قُرةَ أَعينٍ واجعلْنا للْمتقين إِماما - الفرقان : 74

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃക യാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ." (വി. ക്വു. അൽഖുർഖാൻ: 74)

മക്കൾ ഭൗതിക ജീവിതത്തിലെ അലങ്കാരമാണ് എന്ന് അല്ലാഹു ﷻ പറയുന്നു:

الْمالُ والْبنونَ زِينةُ الْحياة الدنيا والْباقيات الصالحات خيرٌ عند ربك ثَوابا وخيرٌ أَملًا - الكهف : 46

"സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമ്മങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും." ( വി. ക്വു. അൽകഹ്ഫ്: 46)

സന്താനങ്ങൾ തിന്മയുടെ വാഹകരും അനുസരണകേടിന്റെ പ്രതീകങ്ങളും ദൈവീക കൽപ്പനകൾ ധിക്കരിക്കുന്നവരും ആയിത്തീരുമ്പോൾ മാതാപിതാക്കൾക്ക് അവർ പരീക്ഷണവും കുഴപ്പവുമാകുന്നു. അല്ലാഹു ﷻ പറയുന്നു:

إِنما أَموالُكُم وأَولَادكُم فتنةٌ والله عنده أَجرٌ عظيمٌ - التغابن : 15

"നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. അല്ലാഹുവിങ്കലാകുന്നു മഹത്തായ പ്രതിഫലമുള്ളത്." (വി. ക്വു. അതഗാബുൻ: 15)

കുഞ്ഞ് ആണായിരുന്നാലും പെണ്ണായിരുന്നാലും അല്ലാഹു ﷻ വിന്റെ സമ്മാനമാണ്. മനുഷ്യൻ ആനന്ദത്തോടെയും സന്തോഷത്തോടെയും അത് സ്വീകരിക്കുകയാണ് വേണ്ടത്. അല്ലാഹു ﷻ പറയുന്നു:

لله ملْك السماوات والْأرض يخلُق ما يشاءُ يهب لمن يشاءُ إناثًا ويهب لمن يشاءُ الذكُور أو يزوجهم ذُكْرانًا
وإناثًا ويجعلُ من يشاءُ عقيما إنه عليمٌ قَديرٌ - الشورى . 49 ، 50

“അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തികൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു.” (വി.ക്വു. അശ്ശൂറ: 49,50)

പെൺകുഞ്ഞിനെ വെറുപ്പോടെ കാണുന്നത് ജാഹിലിയ്യ സമ്പ്രദായമാണെന്ന് അല്ലാഹു ﷻ പറയുന്നു:

وإذَا بشر أَحدهم بِالْأُنثَى ظَل وجهه مسودا وهو كَظيمٌ يتوارى من الْقَومِ من سوءِ ما بشر بِه أَيمسِكُه علَى هون
أَم يدسه في الترابِ أَلَا ساءَ ما يحكُمونَ - النحل : 58 ، 59

“അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്ന് അവൻ ഒളിച്ച് കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല, അതിനെ മണ്ണിൽ കുഴിച്ച് മൂടണമോ ( എന്നതായിരിക്കും അവന്റെ ചിന്ത) ശ്രദ്ധിക്കുക: അവർ എടുക്കുന്ന തീരുമാനം എത്ര മോശം!” (വി.ക്വു. അന്നഹ്ൽ: 58,59)

എന്നാൽ ഇസ്‌ലാം പെൺകുട്ടികൾക്ക് അനുയോജ്യമായ സ്ഥാനമാനങ്ങൾ നൽകുകയും അവർ സ്വർഗ്ഗത്തിലേക്കുള്ള കാരണക്കാരാണ് എന്ന് പരിചയപ്പെടുത്തുകയും ചെയ്തു.

നബിﷺ പറഞ്ഞു:

من عالَ جارِيتينِ حتى تبلُغا جاءَ يوم الْقيامة أَنا وهو. وضم أَصابِعه. -- مسلم

“രണ്ട് പെൺകുട്ടികളെ, അവർ പ്രായപൂർത്തിയെത്തുന്നതുവരെ ആരെങ്കിലും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്താൽ ഞാനും അവനും അന്ത്യനാളിൽ (ഇപ്രകാരം) വരുന്നതാണ്. തിരുമേനിﷺ വിരലുകൾ ചേർത്ത് പിടിച്ചു”. (മുസ്‌ലിം)

നബിﷺ പറഞ്ഞു:

..من ابتلي من هذه الْبنات بِشيءٍ فَأَحسن إِلَيهن كُن سترا لَه من النارِ – أحمد

“..ഈ പെൺകുട്ടികളാൽ ആരെങ്കിലും പരീക്ഷിക്കപ്പെടുകയും അവൻ അവരോട് നന്മയിൽ വർത്തിക്കുകയും ചെയ്താൽ അവർ അവന് നരകത്തിൽനിന്നുള്ള മറയായിരിക്കും”. (അഹ്മദ്)

പെൺകുഞ്ഞാണ് പ്രസവിക്കപ്പെട്ടത് എന്നറിഞ്ഞാൽ മനപ്രയാസം അനുഭവപ്പെടുന്നതും മുഖം ചുളിക്കുന്നതും ഈമാനിന്റെ കുറവും അല്ലാഹുﷻവിന്റെ ഖളാക്വദറിലുള്ള വിശ്വാസത്തെ ചോദ്യം ചെയ്യലുമാണ്. ദുൻയവിയായ ജീവിതത്തിലെ ആശ്രയം മാത്രമല്ല നല്ല മക്കൾ, മരണാനന്തര ജീവിതത്തിലും അവർ സഹായകമാകുന്നതാണ്.

നബിﷺ പറഞ്ഞു:

إذَا مات الإنسانُ انقَطَع عنه عملُه إلا من ثَلاثَة إلا من صدقَة جارِية أو علْمٍ ينتفَع بِه أو ولَد صالحٍ يدعو له- مسلم

“ഒരാൾ മരണപ്പെട്ടു കഴിഞ്ഞാൽ മൂന്ന് കാര്യങ്ങളൊഴിച്ച് മറ്റുള്ള പ്രവർത്തനമെല്ലാം മുറിഞ്ഞുപോയി. തുടർന്നുപോകുന്ന ദാനധർമ്മവും ഉപകാരപ്രധമായ അറിവും അവനുവേണ്ടി പ്രാർത്ഥിക്കുന്ന സച്ചരിതനായ സന്താനവുമാണവ”. (മുസ്‌ലിം)

നബിﷺ പറഞ്ഞു:

إن الله عز وجل لَيرفَع الدرجةَ للْعبد الصالح في الْجنة فَيقُولُ يا رب أنى لي هذه فَيقُولُ بِاستغفَارِ ولَدك لَـك - أحمد وحسنه الألباني

“സച്ചരിതനായ ഒരു അടിമക്ക് സ്വർഗ്ഗത്തിലുള്ള പദവി അല്ലാഹുﷻ ഉയർത്തുകതന്നെ ചെയ്യും. അപ്പോൾ അദ്ദേഹം ചോദിക്കും രക്ഷിതാവേ എനിക്ക് എങ്ങിനെയാണ് ഇത്? അപ്പോൾ അല്ലാഹുﷻ പറയും നിനക്കുവേണ്ടി നിന്റെ മകൻ ഇസ്തിഗ്ഫാർ ചെയ്തതു കൊണ്ടാണ് (ലഭിച്ചത്)”. (അഹ്മദ്)

**സന്താനങ്ങളുണ്ടായാൽ ചെയ്യേണ്ട ചില വിധികൾ**

കുഞ്ഞുണ്ടായവന് സന്തോഷവാർത്ത അറിയിക്കുക, അനുമോദിക്കുക, പ്രാർത്ഥിക്കുക. ഇബ്രഹീം നബിﷺന് വരാനിരിക്കുന്ന സന്താനത്തെക്കുറിച്ച് മലക്കുകൾ സന്തോഷ വാർത്ത അറിയിച്ചതായി അല്ലാഹുﷻ പറയുന്നു:

فَأوجس منهم خيفَةً قَالُوا لَا تخف وبشروه بِغلَامٍ عليمٍ - الذاريات : 28

“അപ്പോൾ അവരെപ്പറ്റി അദ്ദേഹത്തിന്റെ മനസ്സിൽ ഭയം കടന്നു കൂടി. അവർ പറഞ്ഞു: താങ്കൾ ഭയപ്പെടേണ്ട. അദ്ദേഹത്തിന് ജ്ഞാനിയായ ഒരു ആൺകുട്ടിയെ പറ്റി അവർ സന്തോഷ വാർത്ത അറിയിക്കുകയും ചെയ്തു.” (വി. ക്വു. അദ്ദാരിയാത്ത്: 28)

കഅ്ബ് ഇബ്നു മാലിക്ﷺന്റെയും അദ്ദേഹത്തിന്റെ രണ്ട് കൂട്ടുകാരുടേയും തൗബ അല്ലാഹുﷻ സ്വീകരിച്ചപ്പോൾ അവർ ആശീർവദിക്കപെട്ട സംഭവം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ജീവിതത്തിൽ പെട്ടന്നുണ്ടാകുന്ന സന്തോഷവേളകങ്ങളിൽ ആശീർവദിക്കപ്പെടുന്നതിന് കുഴപ്പമില്ല എന്ന് ഇവ അറിയിക്കുന്നു.

**ബാങ്കും ഇക്വാമത്തും**

പ്രസവിക്കപെട്ട കുഞ്ഞിന്റെ വലതു ചെവിയിൽ ബാങ്കും ഇടതു ചെവിയിൽ ഇഖാമത്തും കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ട്. എന്നാൽ പ്രസ്തുത വിഷയത്തിലുള്ള ഹദീഥുകൾ ദുർബല (ദ്വഈഫ്)മോ നിർമിത (മൗദ്വൂഅ്) ഹദീഥുകളോ ആണ്. ശൈഖ് അൽബാനിയുടെ സിൽ സിലത്തുൽ അഹാദീഥു ദ്വഈഫ വൽ മൗദ്വൂഅ് എന്ന ഗ്രന്ഥത്തിൽ 6121 നമ്പർ ഹദീഥിൽ അത് വിവരിക്കുന്നുണ്ട്.

**തഹ്നീക് (കാരക്ക വായയിലിട്ട് അലിയിച്ച് കുഞ്ഞിന്റെ വായയിൽ കൊടുക്കുക)**

നബിﷺയുടെ അടുത്തേക്ക് സ്വഹാബിമാർ കുഞ്ഞുങ്ങളെ കൊണ്ടുവരികയും തിരുമേനിﷺ അവർക്ക് മധുരം നൽകുകയും ചെയ്യുമായിരുന്നു. ഇത് രണ്ട് ഉദ്ദേശത്തിലാകാം.

ഒന്ന്; നബിﷺയുടെ ഉമിനീരിന്റെ ബറകത്തുകാരണത്താൽ സ്വഹാബിമാർ കുട്ടികളുമായി നബിﷺയുടെ അടുക്കൽ വന്നിരുന്നു.

രണ്ട്; പ്രഥമമായി കുട്ടിയുടെ വായയിൽ എത്തേണ്ടത് മധുരമായിരിക്കണം എന്നതുകൊണ്ടുമായിരിക്കാം.

ഒന്നാമത് പറഞ്ഞതാണ് ഉദ്ദേശമെങ്കിൽ അത് നബിﷺ യുടെ മാത്രം പ്രത്യേകതയാണ്. അതിനാൽ ബർക്കത്ത് ഉദ്ദേശിച്ചുകൊണ്ട് മഹാൻമാരാണെന്ന് ധരിക്കപ്പെടുന്ന ആളുകളെ കൊണ്ട് കുഞ്ഞിന് തഹ്നീക് നടത്താൻ പാടില്ല. കാരണം നബിﷺയുടെ വിയോഗാനന്തരം ഈ സമുദായത്തിലെ ഉത്തമനായ അബൂബക്കർؓവിന്റെ അടുത്തേക്ക് സ്വഹാബിമാർ കുട്ടികളേയുമായി പോവുകയോ അദ്ദേഹത്തിൽനിന്ന് ബർക്കത്തെടുക്കുകയോ ചെയ്തിട്ടില്ല. ഇനി രണ്ടാമത് പറഞ്ഞതാണ് ഉദ്ദേശമെങ്കിൽ ഏതൊരു രക്ഷിതാവിനും പ്രസവിച്ച ദിവസം തന്റെ കുഞ്ഞിന് തഹ്നീക് നൽകാവുന്നതാണ്. (ശൈഖ് ഉഥൈമീന്റെ റിയാദുസ്വാലിഹീന്റെ വിശദീകരണം നോക്കുക)

**പേരിടുക**

ഇസ്‌ലാമികമായ നല്ല പേരുകളാണ് കുട്ടികൾക്ക് നൽകേണ്ടത്. നബിﷺ പറഞ്ഞു:

إن أحب أسمائكم إلى الله عبد الله وعبد الرحمن - مسلم

''നിശ്ചയം നിങ്ങളുടെ പേരുകളിൽനിന്ന് അല്ലാഹുവിന് ഏറ്റവും ഇഷ്ടപെട്ടത് അബ്ദുല്ല, അബ്ദുറ ഹ്മാൻ എന്നിവയാകുന്നു''.(മുസ്‌ലിം)

അപ്രകാരം തന്നെ അല്ലാഹുവിന്റെ നാമങ്ങളിലേക്ക് അബ്ദു (അടിമ) എന്ന് ചേർത്ത് പേരിടലും നല്ലതാണ്. ഉദാ: അബ്ദുൽ ലത്തീഫ്, അബ്ദുൽ മലിക്, അബ്ദുസലാം... മുതലായവ. അമുസ്‌ലിം നാമങ്ങളും, സ്ത്രീയാണോ പുരുഷനാണോ എന്ന് തിരിച്ചറിയാൻ കഴിയാത്തവയും മോശമായ അർത്ഥങ്ങളുള്ള പേരുകളും ഒഴിവാക്കേണ്ടതാണ്. കുഞ്ഞ് ജനിച്ച് ഏഴാം ദിവസമോ അല്ലെങ്കിൽ അന്നുതന്നെയോ പേരിടുന്നതിന് കുഴപ്പമില്ല. നബിﷺപറഞ്ഞു:

ولد لى الليلَةَ غُلامٌ فَسميته بِاسمِ أَبِى إبراهيم - مسلم

''ഈ രാത്രിയിൽ എനിക്ക് ഒരു കുഞ്ഞ് പിറന്നിരിക്കുന്നു. അവന് എന്റെ പിതാവിന്റെ പേര് ഇബ്റാഹീം എന്ന് ഞാൻ നാമകരണം ചെയ്തിരിക്കുന്നു''. (മുസ്‌ലിം)

**അകീ്വകാ അറുക്കുക, മുടികളയുക**

കുഞ്ഞ് പിറന്ന ഏഴാം ദിവസം നടത്തുന്ന അറവിനാണ് അകീ്വകാ എന്ന് പറയുന്നത്. ന്യൂനതകൾ ഇല്ലാത്ത ആടിനെയാണ് അറവിനായി ഉപയോഗിക്കേണ്ടത്. ആൺകുട്ടിയാണെങ്കിൽ രണ്ട് ആടും പെൺ കുട്ടിയാണെങ്കിൽ ഒരാടുമാണ് വേണ്ടത്. മാംസം അയൽവാസികൾക്കും പാവപ്പെട്ടവർക്കും സ്വന്തത്തിനും ഉപയോഗിക്കാവുന്നതാണ്. മാംസം വിതരണം നടത്തുകയോ അതുകൊണ്ട് സദ്യയുണ്ടാക്കി കൊടുക്കുകയോ ചെയ്യാവുന്നതാണ്. നബിﷺ പറഞ്ഞു:

كُل غُلَامٍ رهينٌ بِعقيقَته تذْبح عنه يوم السابِع ويحلَق رأسه ويسمى- أحمد صحيح

''എല്ലാ കുട്ടിയും പിറന്ന ഏഴാം ദിവസം അവനുവേണ്ടി അറുക്കപ്പെടുന്ന അകീ്വകയുമായി പണയപ്പെട്ടവനാകുന്നു. അവന്റെ മുടി മുണ്ഡനം ചെയ്യപ്പെടുകയും അവൻ നാമകരണം ചെയ്യ പ്പെടുകയും വേണം''. (അഹ്മദ്)

നബിﷺ പറഞ്ഞു:

مع الْغلَامِ عقيقَةٌ فَأهرِيقُوا عنه دما وأميطُوا عنه الْأذَى- البخاري

‘‘കുഞ്ഞിനുവേണ്ടി ജനനത്തോടനുബന്ധിച്ച് അക്വീക്വ അറുക്കുകയും പ്രയാസമുണ്ടാക്കുന്നത് (മുടി, ജനനേന്ദ്രിയത്തിന്റെ അഗ്രചർമം മുതലായവ) നീക്കുകയും ചെയ്യുക’’. (ബുഖാരി)

നബിﷺ പറഞ്ഞു:

عنِ الْغلَامِ شاتان مكَافئَتان وعنِ الْجارِية شاةٌ - أبوداود - صحيح

‘‘ആൺകുട്ടിക്ക് (പ്രായവും ഭംഗിയും ) സമാനമായ രണ്ട് ആടും പെൺകുട്ടിക്ക് ഒരാടും’’. (അബൂദാവൂദ്)

ഇബ്നു അബ്ബാസ്ؓവിൽനിന്നും നിവേദനം അദ്ദേഹം പറഞ്ഞു:

عق رسولُ الله صلى الله علَيه وسلم عن الْحسنِ والْحسينِ رضي الله عنهما بِكَبشينِ كَبشينِ- - نسائي صحيح

‘‘അല്ലാഹുവിന്റെ ദൂതൻﷺ ഹസൻ, ഹുസൈൻ എന്നിവർക്കായി ഈരണ്ട് ആടിനെവീതം അക്വീക്വത്ത് അറുത്തു’’. (നസാഇ)

നബിﷺ പറഞ്ഞു:

أن النبِي صلى الله علَيه وسلم أَمر بِتسمية الْمولُود يوم سابِعه ووضعِ الْأذَى عنه والْعق- الترمذي - حسن

‘‘കുഞ്ഞിന് ഏഴാം ദിവസം പേരിടുവാനും ഉപദ്രവം നീക്കം ചെയ്യുവാനും അക്വീക്വത് അറുക്കുവാനും നബി ﷺ കൽപ്പിച്ചു’’. (തിർമിദി)

അബൂബുർദؓ പറയുന്നു:

كُنا فى الْجاهلية إِذَا ولد لأَحدنا غُلَامٌ ذَبح شاةً ولَطَخ رأْسه بِدمها فَلَما جاءَ الله بِالإِسلَامِ كُنا نذْبح شاةً ونحلـق رأْسه ونلْطَخه بِزعفَران.- أبوداود – حسن صحيح

‘‘ജാഹിലിയത്തിൽ ഞങ്ങളിൽ ഒരാൾക്ക് കുഞ്ഞ് ജനിച്ചാൽ ഒരാടിനെ അറുക്കുകയും അതിന്റെ രക്തം (കുഞ്ഞിന്റെ) തലയിൽ പുരട്ടുകയും ചെയ്യുമായിരുന്നു. എന്നാൽ അല്ലാഹുﷻ ഇസ്‌ലാം കൊണ്ടുവന്നപ്പോൾ ഞങ്ങൾ ആടിനെ അറുക്കുകയും തലമുടി കളയുകയും കുങ്കുമം പുരട്ടുകയും ചെയ്തു.’’ (അബൂദാവൂദ്)

**മുടി കളയുമ്പോൾ ശ്രദ്ധിക്കേണ്ടത്**

ഇബ്നു ഉമർؓവിൽനിന്ന് നിവേദനം അദ്ദേഹം പറഞ്ഞു;

أن رسولَ الله صلى الله علَيه وسلم نهى عن الْقَزعِ- البخاري

‘‘നബി ﷺ ക്വസഅ് നിരോധിച്ചു’’. (ബുഖാരി)

തല ക്ഷൗരം ചെയ്യുമ്പോൾ അൽപഭാഗം എടുക്കുകയും ബാക്കിഭാഗം മുടിയെടുക്കാതിരിക്കുകയും ചെയ്യുന്ന തിനാണ് ‘ക്വസഅ്’ എന്ന് പറയുന്നത്.

**ചേലാകർമ്മം ചെയ്യുക**

ചേലാകർമ്മം ചെയ്യൽ പ്രവാചകൻമാരുടെ ചര്യയാണ്. കുഞ്ഞ് ജനിച്ച ഏഴാം ദിവസംതന്നെ ചേലാകർമ്മം ചെയ്യണം എന്നതിന് രേഖകളില്ല. അതിന്റെ മുമ്പോ ശേഷമോ ചെയ്യാവുന്നതാണ്.

നബിﷺ പറഞ്ഞു:

الْفِطْرَةُ خمسٌ الْختانُ والاستحداد وقَص الشاربِ وتقْليم الْأظْفَار ونتف الْآباط -- البخاري

''ഫിത്വറത് അഞ്ചെണ്ണമാകുന്നു. ചേലാകർമ്മം, ഗുഹ്യരോമം കളയുക, മീശ വെട്ടുക, നഖം മുറിക്കുക, കക്ഷ രോമം പറിക്കുക''. (ബുഖാരി)

നബിﷺ പറഞ്ഞു:

اختتن إِبراهيم علَيه السلَام وهو ابن ثَمانِين سنةً بِالْقَدومِ- البخاري

''ഇബ്റാഹീം(അ) എൺപതാമത്തെ വയസിൽ (മഴുകൊണ്ട്, അല്ലെങ്കിൽ ഖദൂം എന്ന സ്ഥലത്തുവെച്ച്) ചേലാകർമം ചെയ്തു'' (ബുഖാരി)

**കുട്ടികളുടെ മൂത്രം**

മുലപ്പാൽ മാത്രം കുടിക്കുന്ന ആൺകുട്ടിയുടെ മൂത്രം ശുദ്ധിയാക്കാൻ വെള്ളം കുടഞ്ഞാൽ മതിയാകുന്നതാണ്. എന്നാൽ പെൺകുട്ടിയുടെ മൂത്രം കഴുകി കളയുകതന്നെ വേണം. ലുബാബ ബിൻതിൽ ഹാരിഥ്(റ) പറഞ്ഞു:

بالَ الْحسين بن علي في حجرِ النبِي صلى الله علَيه وسلم فَقُلْت يا رسولَ الله أَعطنِي ثَوبك والْبس ثَوبا غَيـره فَقَالَ إِنما ينضح من بولِ الذكَرِ ويغسلُ من بولِ الْأُنثَى – ابن ماجه --- حسن

''ഹുസൈൻ ഇബനു അലി(റ) നബിﷺയുടെ മടിയിൽ മൂത്രിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: റസൂലേ, താങ്കളുടെ വസ്ത്രം എനിക്ക് തരിക. താങ്കൾ മറ്റൊരു വസ്ത്രം ധരിക്കുക. അപ്പോൾ നബിﷺ പറഞ്ഞു: നിശ്ചയം ആൺകുട്ടിയുടെ മൂത്രത്തിന് (ശുദ്ധിയാക്കാൻ) കുടഞ്ഞാൽ മതി പെൺകുട്ടിയുടെ മൂത്രം (ശുദ്ധിയാക്കാൻ) കഴുകണം'' (ഇബ്നുമാജഃ)

أُتي النبِي صلى الله علَيه وسلم بِصبِي يحنكُه فَبالَ علَيه فَأَتبعه الْماءَ - البخاري

''നബിﷺയുടെ അടുത്തേക്ക് തഹ്നീക്കിന് (മധുരം കൊടുക്കാൻ) വേണ്ടി ഒരു കുട്ടി കൊണ്ടുവരപെട്ടു. അപ്പോൾ അവൻ നബിﷺയുടെമേൽ മൂത്രമൊഴിച്ചു. അങ്ങിനെ അവിടെ വെള്ളമൊഴിച്ചു.'' (ബുഖാരി)

**രക്ഷിതാവിന്റെ ശ്രദ്ധക്ക്**

- നിങ്ങളുടെ മക്കൾക്ക് നല്ല ശിക്ഷണവും മാർഗനിർദേശങ്ങളും നൽകുകയും ചെറുപ്പം മുതലേ അവരുടെ മനസിൽ ഇസ്‌ലാമിന്റെ മഹത്വം നട്ടുപിടിപ്പിക്കുകയും ചെയ്യുക.
- മക്കൾക്ക് നിങ്ങൾ മാതൃകയാവുക, കാരണം നിങ്ങളെ അനുകരിച്ചാണ് അവർ വളർന്നുവരുന്നത്.
- നിങ്ങളും ഒരു രക്ഷിതാവാണ്. മാതാപിതാക്കളോടുള്ള ബാധ്യതയുടെ ഗൗരവം ഇപ്പോൾ നിങ്ങൾ മനസിലാക്കിയിരിക്കും. അതിനാൽ ശേഷിക്കുന്ന ആയുസ് മാതാപിതാക്കൾക്ക് ഗുണം ചെയ്യുവാനും അവരോട് നന്മയിൽ വർത്തിക്കുവാനുമായി ചിലവഴിക്കുക.

- നിങ്ങളുടെ മുടികൾക്കിടയിൽ വെളുപ്പ് പ്രത്യക്ഷപ്പെടാൻ തുടങ്ങിക്കാണും. ആയുസ് കൊഴിഞ്ഞുപോകുന്നുവെന്നും അടുത്ത ജീവിതത്തിലേക്കുള്ള ദിനങ്ങൾ എണ്ണപ്പെട്ടു എന്നുമറിയിക്കുന്ന ദൂതനാണത്. അതിനാൽ ശേഷിക്കുന്ന കാലം അല്ലാഹുവിന് വഴിപെട്ട് ജീവിക്കുക.
- മക്കളെ നിഷിദ്ധമായത് ഭക്ഷിപ്പിക്കുന്നതിനെ സൂക്ഷിക്കുക.
- നിങ്ങൾക്കും മക്കൾക്കും അധികമായി പ്രാർത്ഥിക്കുക. അമ്പിയാക്കന്മാരുടേയും സ്വാലിഹീങ്ങളുടേയും ചര്യയാണത്.
- നിങ്ങളുടെ മക്കൾ നല്ലവരാണെങ്കിൽ ഇഹപര വിജയം നിങ്ങൾക്കുണ്ടായിരിക്കും. അതിനാൽ അവർക്കായി നല്ല കൂട്ടുകാരെ കണ്ടെത്തുക. ചീത്ത കൂട്ടുകെട്ടിൽനിന്ന് അകറ്റുകയും ചെയ്യുക. നിങ്ങളുടെ വീട് തിന്മയിൽനിന്നും കുഴപ്പങ്ങളിൽനിന്നും മുക്തമാകുകയും ചെയ്യട്ടെ.